## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 598      7.1.2014- ൽ മറുപടി നൽകേണ്ടിയിരുന്നത്

## വാറ്റ് രജിസ്ട്രേഷനോടുകൂടിയുള്ള സ്വർണ്ണക്കടകൾ

| ചോദ്യം<br>ഡോ. കെ.ടി. ജലീൽ | | ഉത്തരം<br>ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | നിലവിൽ വാറ്റ് രജിസ്ട്രേഷനോടുകൂടി വിപണനത്തിലേർപ്പെടുന്ന എത്ര സ്വർണ്ണക്കടകൾ ഉണ്ട്; പ്രസ്തുത കടകളുടെ ബ്രാഞ്ചുകൾകൂടി പരിഗണിച്ചാൽ മൊത്തം എത്ര ; | (എ) | നിലവിൽ വാറ്റ് രജിസ്ട്രേഷനോടുകൂടി വിപണനത്തിലേർപ്പെടുന്ന 5877 സ്വർണ്ണക്കടകൾ ഉണ്ട്. പ്രസ്തുത കടകളുടെ ബ്രാഞ്ചുകൾ കൂടി പരിഗണിച്ചാൽ മൊത്തം 5509 സ്വർണ്ണക്കടകൾ ഉണ്ട്. |
| (ബി) | സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇവയുടെ എണ്ണം എത്രയായിരുന്നു; വ്യാപാര സ്ഥാപനങ്ങളുടെ വർദ്ധനയുടെ ശതമാനം എത്ര : | (ബി) | സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇവയുടെ എണ്ണം 5228 ആയിരുന്നു. 3 % വർദ്ധന ഉണ്ട്. |
| (സി) | സ്വർണ്ണവിപണനത്തിൽ എത്ര ശതമാനം വർദ്ധന പ്രസ്തുത കാലയളവിൽ ഉണ്ടായതായി കണക്കാക്കുന്നു ; | (സി) | സ്വർണ്ണ വിപണനത്തിൽ 30 ശതമാനം വർദ്ധന പ്രസ്തുത കാലയളവിൽ ഉണ്ടായതായി കണക്കാക്കുന്നു. |
| (ഡി) | 2011-12-ലും 2012-13-ലും, 2013-14-ലും നാളിതുവരെയും സ്വർണ്ണാഭരണങ്ങളുടെ നികുതി വരുമാനം എന്തു തുക വീതമാണ്; സ്വർണ്ണത്തിലെ വിലയിലെ വ്യത്യാസം, ഉപഭോഗത്തിലും വ്യാപാരസ്ഥാപനങ്ങളിലുമുള്ള വർദ്ധന ഇവയെല്ലാം | (ഡി) | 2011-12-ലും 2012-13-ലും 2013-14-ലും നാളിതുവരെയും സ്വർണ്ണാഭരണങ്ങളുടെ നികുതി വരുമാനം ചുവടെ ചേർക്കുന്നു.<br>2011-12 - 302.20 കോടി രൂപ<br>2012-13 - 393.54 കോടി രൂപ |

| | | | |
|---|---|---|---|
| | പരിഗണിച്ചാൽ പ്രതീക്ഷിക്കാവുന്ന നികുതിവരുമാനത്തിനനുസരിച്ച് ഓരോ വർഷവും നികുതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ : വ്യക്തമാക്കാമോ ? | | 2013-14 (30.11.13 വരെ) - 322.25 കോടി രൂപ<br><br>സ്വർണ്ണമേഖലയിൽ ഭൂരിപക്ഷം വൻകിട ജൂവലറികളും കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി അടയ്ക്കുന്നവരാണ്. അവർ അടയ്ക്കുന്ന നികുതി കഴിഞ്ഞ വർഷം അടച്ച നികുതിയുമായി ബന്ധപ്പെടുത്തിയാണ് ഈടാക്കിയിരുന്നത്. എന്നാൽ 2011-ലെ ബഡ്ജറ്റിൽ അതിനെ കഴിഞ്ഞ വർഷത്തെ വിറ്റുവരവിന്റെ 1.25 ശതമാനമായി ബന്ധപ്പെടുത്തിയതിനാൽ വില്പനയിലുണ്ടായ വർദ്ധന നികുതി പിരിവിൽ പ്രതിഫലിക്കുന്നുണ്ട്. കൂടാതെ സ്വർണ്ണാഭരണങ്ങളുടെ നികുതിയിൽ 90%-ഉം കോമ്പൗണ്ടിംഗ് വ്യാപാരികളിൽ നിന്നാണ്. ആയതിനാൽ ഷെഡ്യൂൾ നിരക്കിലുള്ള നികുതി വർദ്ധനവ് വിൽപനയിൽ ഉണ്ടാവില്ല. |



സെക്ഷൻ ഓഫീസർ